150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ – മാതൃഭാഷ


# കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

# ഇൻഷ്വറൻസ് ഡയറക്ടറേറ്റ്

**ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട്.പി.ഒ, തിരുവനന്തപുരം - 695 014**

Web:www.insurance.kerala.gov.in Ph: 0471-2330096, 2332523, Fax : 0471-2331921 E-mail-director.ins@kerala.gov.in


നം. ഇൻഷ്വ/ഡെവ.വിംഗ്/ഡി.വി 3/റ്റി 001907538. തീയതി : 03-01-2020.

ഇൻഷ്വറൻസ് ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും

സർ,

വിഷയം- ഇൻഷ്വറൻസ് വകുപ്പിന്റെ പദ്ധതികൾ, എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം/വരിസംഖ്യ കുടിശ്ശിക ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നത് – സംബന്ധിച്ച്.

സൂചന- 1. സ.ഉ (അച്ചടി) നം.840/88/ധന തീയതി 16-11-1988.
2. സ.ഉ (അച്ചടി) നം. 249/2010/ധന തീയതി 21-4-2010.

---

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കേരള സർക്കാർ ജീവനക്കാരുടെ സാമൂഹ്യ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തി വരുന്ന പ്രധാന പദ്ധതികളാണ് സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI)യും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും (GIS) പ്രസ്തുത പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ പ്രതിമാസ പ്രീമിയം/വരിസംഖ്യ ശമ്പളത്തിൽ നിന്നും കിഴിവ് വരുത്തുന്നു എന്നുറപ്പുവരുത്തേണ്ട ഉത്തരവാദിത്വം പ്രസ്തുത ഓഫീസിന്റെ ഡി.ഡി.ഒ-മാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിലും തുടർച്ചയായി 6 മാസം പ്രീമിയം/വരിസംഖ്യ കിഴിവ് വരുത്തുന്നതിൽ വീഴ്ച സംഭവിച്ചാൽ പ്രസ്തുത പദ്ധതികളിലെ അംഗത്വം നഷ്ടമാകുകയും തന്മൂലം ജീവനക്കാർക്കോ, അവരുടെ ആശ്രിതർക്കോ ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിന് കാരണമാകുകയും ചെയ്യുന്നതാണ്. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് പ്രസ്തുത പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ പ്രീമിയം/വരിസംഖ്യ തുടർച്ചയായി 5 മാസത്തിലധികം മുടക്കം വന്നിട്ടില്ലയെന്ന് ഉറപ്പുവരുത്തേണ്ടതും, മുടക്കം വന്നിട്ടുണ്ടെങ്കിൽ റദ്ദായ പോളിസി/അക്കൗണ്ടുകൾ ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസുമായി ബന്ധപ്പെട്ട് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആയതിനാൽ അങ്ങയുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ഡി.ഡി.ഒ/എസ്.ഡി.ഒ മാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഇൻഷ്വറൻസ് ഡയറക്ടർ**